14-10-2026

Ruling

ൂളിങ്

ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത

മി. സ്പീക്കർ: സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും അംഗീകൃത വാഹന പിടിച്ചെടുക്കൽ യാർഡുകൾ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനും അതിന്റെ നടത്തിപ്പിനായി സാമ്പത്തിക ബാധ്യത ഉണ്ടാവുമെന്നിരിക്കെ സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകില്ല എന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നതും, റിമൂവൽ ഫീസ്, സ്റ്റോറേജ് ഫീസ് എന്നിവയുടെ പരമാവധി പരിധിയോ മാനദണ്ഡങ്ങളോ നിയമത്തിൽ വ്യവസ്ഥ ചെയ്യാത്തത് എക്സിക്യൂട്ടീവിന് അമിതാധികാര കൈമാറ്റത്തിന് തുല്യമാണെന്നും, അതിനാൽ സാമ്പത്തിക നിയമനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്ന ഈ ബില്ലിന് അവതരണാനുമതി നൽകരുതെന്നുമാണ് ശ്രീ. കെ. പ്രേംകുമാർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിട്ടുള്ള കാര്യം. ഇതുസംബന്ധിച്ച് ബഹു. ഗതാഗത വകുപ്പുമന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ സർക്കാർ ഭൂമി

ലഭ്യമല്ലാത്തതിനാൽ അപ്രകാരം സ്ഥാപിക്കുന്ന യാർഡുകൾ പി.പി.പി. മാതൃകയിലായിരിക്കുമെന്നും അത് Build Own Operative-Revenue-Share അടിസ്ഥാനത്തിലായിരിക്കുമെന്നും 24-06-2025-ലെ ജി.ഒ.(ആർ.ടി) നമ്പർ 284/2025-ലെ Transport ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ സഞ്ചിത നിധിയിൽനിന്നും യാതൊരു അധികചെലവും ഉണ്ടാകില്ലെന്ന് ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത് വസ്തുതാപരമാണ്.

പുതുതായി ഏർപ്പെടുത്തുന്ന റിമൂവൽ ഫീസ്, സ്റ്റോറേജ് ഫീസ് എന്നിവ മുഖാന്തരം ലഭിക്കുന്ന വരുമാനം സർക്കാരിലേക്കാണ് വന്നുചേരുന്നത്. അത് ഈടാക്കുന്നതിനുള്ള രീതിയും നിരക്കും ചട്ടങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ എക്സിക്യൂട്ടീവിന് അമിതാധികാര കൈമാറ്റത്തിന് ഇടയാക്കും എന്ന ബഹു. അംഗത്തിന്റെ പരാമർശം നിലനിൽക്കുന്നതല്ല.

അംഗീകൃത വാഹന പിടിച്ചെടുക്കൽ യാർഡുകൾക്ക് മോട്ടോർ വാഹന വകുപ്പിന്റെ അംഗീകാരം ആവശ്യമാണ് എന്ന കാര്യം ബഹു. വകുപ്പുമന്ത്രി

വ്യക്തമാക്കിയിട്ടുള്ളതിനാൽ അക്കാര്യത്തിലും സ്പഷ്ടത വന്നിട്ടുണ്ട്.

ആയതിനാൽ ശ്രീ. കെ. പ്രേംകുമാറിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.